**File No.TCPCTP/332/2019-D**

## <u>മുഖ്യനഗരാസൂത്രകന്റെ നടപടി</u>

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കാസർഗോഡ് ജില്ല -നീലേശ്വരം നഗരസഭ നീലേശ്വരം വില്ലേജ് കമേഴ്സ്യൽ കം അസംബ്ലി നിർമാണം -ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- കാസർഗോഡ് ജില്ല ടൗൺ പ്ലാനറുടെ 31/01/2019 ലെ സി/16/2019/നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCP/CTP/332/19-D തീയതി:**01/03/2019**

---

കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭ പരിധിയിലുള്ള നീലേശ്വരം വില്ലേജിൽ റീ സർവ്വേ നമ്പർ 431/3 ൽപ്പെട്ട 4209. ച.മീറ്റർ സ്ഥലത്ത് 4077.71 ച. മീറ്റർ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കം അസംബ്ലി ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ സെക്രട്ടറി, ശ്രീ അഞ്ഞൂറ്റമ്പലം വീരർകാവ് ദേവസ്വം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും,സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്ക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന മുറയ്ക്ക് അവയ്ക്ക് അനുസൃതമായിരിക്കണം.
7. സർവ്വീസ് പ്ലാനിൽ open well covered with R.C.C. Slab എന്ന് കാണിച്ചിരിക്കുന്ന കിണറിന് സുരക്ഷ സംവിധാനങ്ങളും, മഴവെള്ള സംഭരണ സംവിധാനത്തിനുള്ള സർവ്വീസ് Lines പൂർണ്ണമായി നൽകിയിട്ടുണ്ടെന്നും നഗരസഭ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
8. കൂടാതെ സൈറ്റ് പ്ലാനിൽ 'Existing Commercial building to be demolished Door No: XXX11/1383" എന്ന് കാണിച്ചിരിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റി എന്ന് കെട്ടിട നമ്പർ കൊടുക്കുന്നതിനു മുൻപായി നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ: 13/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ടൗൺ പ്ലാനറുടെ കാര്യാലയം, പിൻ-695 033, തിരുവനന്തപുരം

ശ്രീമതി. ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, നീലേശ്വരം നഗരസഭ

പകർപ്പ്:-

1. സെക്രട്ടറി,
   ശ്രീ വീരർകാവ് ദേവസ്വം, നീലേശ്വരം , കാസർഗോഡ്
2. ടൗൺ പ്ലാനർ, കാസർഗോഡ്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം